# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4322** 13/12/2018-ൽ മറുപടിയ്ക്ക്

## പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകൾ നവീകരിക്കുന്നതിന് സഹകരണവകുപ്പ് ഫണ്ട് ലഭ്യമാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും, തയ്യാറാക്കിയിരുന്നു.<br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്. |
| (ബി) | ഇപ്രകാരം റാന്നി നിയോജക മണ്ഡലത്തിലെ എത്ര സ്കൂളുകൾ സഹകരണമേഖലയുടെ ഭാഗമാക്കി പുനരുദ്ധാരണം നടത്തുന്നതിനാണ് | (ബി) | റാന്നി നിയോജകമണ്ഡലത്തിലെ താഴെ പറയുന്ന 8 സ്കൂളുകളിൽ സഹകരണ മേഖലയുടെ ഭാഗമായി പുനഃരുദ്ധാരണം നടത്തുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്, |

| | | | |
|---|---|---|---|
| | ലക്ഷ്യമിട്ടിട്ടുള്ളത്; ഇവയുടെ പേരുവിവരം ലഭ്യമാക്കാമോ; ഇവയ്ക്ക് അനുമതി ലഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | 1) ഗവൺമെന്റ് എൽ.പി.എസ്, വടശ്ശേരിക്കര.<br>2) ഗവൺമെന്റ് യു.പി.എസ്, വൈക്കം.<br>3) ഗവൺമെന്റ് യു.പി.എസ്, പഴവങ്ങാടി.<br>4) സി.എം.എസ്. എൽ.പി.എസ് വെച്ചൂച്ചിറ<br>5) മുഹമ്മദൻസ് എൽ.പി.എസ്, വായ്പൂർ.<br>6) ഗവൺമെന്റ് യു.പി.എസ്, വരവൂർ<br>7) എം.റ്റി.എൽപി.എസ്, നാറാണാംമൂഴി.<br>8) ഗവൺമെന്റ് എൽ.പി.എസ്, പുതുക്കട.<br>പദ്ധതിയുടെ നടത്തിപ്പിൽ തടസ്സം എന്തെങ്കിലും ഉള്ളതായി വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ